**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**29 JUNE 2018 (14 SHAWWAL 1439 AH)**

# “The Divine Messages of 19, 20 & 28-29 June 2018”.

# 2018 ജൂൺ 19,20, 28,29 തീയതികളിൽ ലഭിച്ച ദൈവീക സന്ദേശങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **2018 ജൂൺ 19,20, 28,29 തീയതികളിൽ ലഭിച്ച ദൈവീക സന്ദേശങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയ്ക്കായി, ഞാൻ എന്റെ അനുചരന്മാരുടെ മുമ്പാകെ സമർപ്പിക്കുന്നുന്നത്, 2018 ജൂൺ 19,20 തീയതികളിൽ എനിക്ക് ലഭിച്ച ദൈവീക സന്ദേശങ്ങളാണ്. (കഴിഞ്ഞരാത്രിയിൽ ലഭിച്ച) സന്ദേശങ്ങളുടെ തുടർച്ചയാണിത്. നിങ്ങൾ ശരിയായ പാത എല്ലായ്പ്പോഴും തെരഞ്ഞെടുക്കുവാനും അല്ലാഹുവിനോടു സദാകൂറുപുലർത്തുന്നവരായിരിക്കുവാനും ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ വിശ്വസിക്കുന്നു എന്നു പറയുവാൻ വളരെ എളുപ്പമുള്ള കാര്യമാണ്, എന്നാൽ കൂറുപുലർത്തി കഴിയുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്. നിങ്ങൾ സ്വീകരിച്ച വിശ്വാസത്തെ പിൻതുടരുക എന്നതും ശ്രമകരമാണ്. ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) നിങ്ങളുടെ മേൽ വർഷിച്ച ഒരു പ്രത്യേക നിധിയാണത്. ആയതിനാൽ, നിങ്ങൾ കുഴപ്പകാരികളായ, മുല്ലാക്കൾക്ക് ഒരു നിമിഷം പോലും ചെവി കൊടുക്കരുത്. അവർ നിങ്ങളുടെ മനസ്സും ഹൃദയവും ചാഞ്ചല്യപ്പെടുത്തുവാനും യഥാർത്ഥ വിശ്വസത്തിൽ നിന്ന് വഴിതെറ്റിക്കുവാനും ശ്രമിക്കുന്നവരാണ്. മാത്രമല്ല നിങ്ങളുടെ തലയിൽ സംശയങ്ങൾ കുത്തിനിറയ്ക്കുന്നവരാണവർ. റസൂൽ/നബി എന്ന പ്രഖ്യാപനവുമായി അല്ലാഹു(ത) നല്കിയ

സ്ഥാനമാനങ്ങളുമായി ഈ വിനിത സേവകൻ ഇന്ന് നിങ്ങളുടെ ഇടയിലുണ്ട്. അവർ തേടി നടക്കുന്നത് അസമാധാനം ഉണ്ടാക്കുവാനാണ്. എന്നാൽ അല്ലാഹു(ത) അവന്റെ ദൂതന് മാന്യത നല്കി കൊണ്ടിരിക്കുന്നു. ഈ ആളുകൾ നിങ്ങളോടു പറയുന്നു. അവൻ ഒരു യഥാർത്ഥ ദൂതനാണെങ്കിൽ, അവൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യേണ്ടതാണ്. അവൻ പ്രഖ്യാപിക്കുന്നത് സത്യമാണെന്ന്! എന്നാൽ അല്ലാഹുവിനോടും അവന്റെ ദൂതനോടും കല്പനപുറപ്പെടുവിക്കുവാൻ ഇവർ ആരാണ്?

ഒരു നേരമ്പോക്കായോ, തമാശക്കായോ ജനങ്ങൾ അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്യുന്നു. ജനങ്ങൾ കരുതുന്നുണ്ടോ അതായത് ഓരോ സമയവും അവർ മുന്നോട്ടു വന്ന് പറയണമെന്ന് നിങ്ങൾ സത്യവാനാണെങ്കിൽ അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്യൂ. നിങ്ങൾ കരുതുന്നുണ്ടോ അല്ലാഹുവിന്റെ ദൂതൻ അവരെ അനുസരിക്കണമെന്ന്, അതോ ദൈവദൂതന്റെ അനുസരണം അല്ലാഹുവിനോട് മാത്രമാണോ? തന്നിൽ വിശ്വാസമില്ലാത്ത ജനങ്ങളെ ദൈവദൂതൻ ഭയപ്പെടണമെന്ന് കരുതുന്നുണ്ടോ? അതോ അല്ലാഹുവിനെ മാത്രം ഭയന്നാൽ മതിയോ? അല്ലാഹു(ത) അദ്ദേഹത്തിന് നല്കിയ നിർദ്ദേശങ്ങളും സന്ദേശങ്ങളും എത്തിക്കുന്നതിൽ കഠിനാദ്ധ്വാനം ചെയ്താൽ പോരെ?

ഈ പറയപ്പെട്ട അഹ്മദിമുല്ലാക്കൾ ഇന്ത്യയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയാണ്. ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ ജമാഅത്തിന്റെ കാലത്തെ മുല്ലാക്കളെപോലെ ഇവരും അധഃപതിച്ചരാണ്. ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന്റെ മുല്ലാക്കളുടെ അവസ്ഥ, അവരുടെ യഥാർത്ഥ മുഖം ഈ നൂറ്റാണ്ടിലെ ദൈവീക വെളിപാടിന്റെ അടിസ്ഥാനത്തിൽ തുറന്നുകാട്ടേണ്ടതുണ്ട്. കുഴപ്പകാരികളായ ഈ മുല്ലാക്കളെ ഞാൻ വെല്ലുവിളിക്കുകയാണ് നിങ്ങൾ മുന്നോട്ട് വരു! എന്നിട്ട് പറയു! എനിക്ക് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന വെളിപാടുകൾ കളവാണെന്ന്! ഈ നൂറ്റാണ്ടിലെ ദൈവദൂതനായ ഞാൻ കള്ളവാദിയാണെന്ന്! എന്നിട്ട് ഇത് ലോകമെമ്പാടും വ്യാപകമായി പ്രചരിപ്പിക്കു! എന്നിട്ട് ഇത് സംബന്ധമായി പരസ്യപ്പെടുത്തു! പരസ്യപ്രഖ്യാപനം നടത്തൂ. എന്നിട്ട് ഈ സന്ദേശം ലോകം മുഴുവൻ അയച്ചുകൊടുക്കുക. ഇതിന്റെ ഫലം അല്ലാഹുവിൽ നിന്ന് എന്തായിരിക്കുമെന്ന് നമുക്ക് നോക്കികാണാം ഇൻശാ അല്ലാഹ്.

അല്ലാഹുവിന്റെ ഒരു യഥാർത്ഥദൂതനെ ലോകത്തിന് നിരസിക്കാൻ കഴി

യും. എന്നാൽ അല്ലാഹു അദ്ദേഹത്തോടൊപ്പമില്ല എന്നതിന് അത് അർത്ഥമാകുന്നില്ല. അല്ലാഹു അദ്ദേഹത്തോടൊപ്പമുള്ളപ്പോൾ, അദ്ദേഹത്തെമറ്റെല്ലാ പേർക്കും ഉപേക്ഷിക്കാം. എന്നാൽ ഒരു ദൈവീക മനുഷ്യൻ എന്ന നിലയിൽ, അദ്ദേഹത്തിന്റെ ദൗത്യം, അല്ലാഹുവിന്റെ ദാസൻ, അല്ലാഹുവിന്റെ ദൂതൻ എന്നത് നിലനില്ക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ ദൂതൻ എപ്പോഴും അല്ലാഹുവിന്റെ ദുതൻ തന്നെ ആയിരിക്കും. അല്ലാഹു(ത) നല്കിയതാണ് എനിക്ക് ഈ പദവികൾ അല്ലാഹു(ത) ആണ് എന്നെ ഉയർത്തിയത്. അല്ലാഹു(ത) ആണ് എനിക്ക് ദൈവീക വെളിപാടുകൾ നല്കിക്കൊണ്ടിരിക്കുന്നത്. എന്റെ മേൽ ചൊരിയുന്ന എല്ലാ ആക്ഷേപങ്ങളും നീക്കം ചെയ്യുന്നതിനായി ജനമനസ്സുകളിലുള്ള എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിനായി. അല്ലാഹുവിന്റെ പ്രതിനിധിയായി, അവൻ തെരഞ്ഞെടുത്ത്, ഈ ലോകത്തേക്കുള്ള എന്റെ ആഗമനം സംബന്ധിച്ചുള്ള എല്ലാ സംശയങ്ങളും ദിവ്യവെളിപാടുകളിലൂടെ നീക്കം ചെയ്യുകയാണ്.

അവർ (അതായത് ഈ മുല്ലാക്കൾ) ഇതുപോലെ പറയുകയാണെങ്കിൽ, അപ്പോൾ അവരുടെ ഖലീഫാ എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത് ജനങ്ങളെ വിശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നത്, അതായത് ഈ നൂറ്റാണ്ടിലെ മുജുദ്ദിദാണ് താനെന്നാണോ? അതായത് അദ്ദേഹം ഇസ്ലാമിന്റെ ഖലീഫാ എന്നാണോ? അല്ലാഹുവിന്റെ പേരിൽ ഈ വാദം അദ്ദേഹം പ്രാഖ്യാപിച്ചിട്ടുണ്ടോ? എല്ലാ അഹ്മദികളോടും അദ്ദേഹം പറഞ്ഞുവോ, അല്ലാഹു അദ്ദേഹത്തോട് പറഞ്ഞിരിക്കുന്നു. അതായത് അദ്ദേഹം ഈ നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന്! അല്ലാഹു അദ്ദേഹത്തോടൊപ്പമുണ്ട് എന്ന് തെളിയിക്കുന്ന ഒരു ദൈവീക വെളിപാട് അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് എന്ന് തെളിയിക്കാമോ? തന്റെ മുൻഗാമികൾക്ക് ലഭിച്ച നേതൃപദവി ഉപയോഗിച്ചുകൊണ്ട്.

ഈ കാര്യത്തിൽ മുന്നോട്ടുവരാൻ ഞാൻ വെല്ലുവിളിക്കുകയാണ്, എന്നിട്ട ഇത് ലോകത്തിന്റെ മുൻപിൽ തെളിയിക്കു! എനിക്ക് എന്തുതന്നെ ആയാലും ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, യാതൊരു എതിർപ്പുമില്ല. അല്ലാഹുവിൽ നിന്ന് ദൈവീകവെളിപാടുകൾ യഥാർത്ഥത്തിൽ നിങ്ങൾക്ക് 5-ാം ഖലീഫത്തുൽമസീഹിന് ലഭിക്കുന്നുവെങ്കിൽ! നിങ്ങൾ പറയുകയാണെങ്കിൽ, അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് നിങ്ങൾ തീർച്ചയായും ഒരു മുജദിദ്ദും ഖലീഫത്തുല്ലായുമാണ് (അല്ലാഹു (ത) നേരിട്ട് എന്നെ ഖലീ

ഫമായി തെരഞ്ഞെടുത്തതാണ് എന്ന് പ്രഖ്യാപിക്കുക. അത്യാഗാധമായ അന്ധകാരത്തിൽ ലോകം ഇരയായി തീർന്നിരിക്കുന്നതു പരിഗണിക്കുമ്പോൾ, ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല, അല്ലാഹു(ത) ഒന്നിൽകൂടുതൽ ദൂതന്മാരെ ഉയർത്തുന്നുവെങ്കിൽ! എനിക്ക് യാതൊരു എതിർപ്പുമില്ല, അല്ലാഹു (ത) വെളിപാടുകൾ നല്കുന്നു. അവനുദ്ദേശിക്കുന്നവർക്ക്!ഒരാൾ പറയുകയാണ് അയാൾക്ക് അല്ലാഹുവിൽ നിന്ന വെളിപാടുകൾ ലഭിക്കുന്നുവെന്ന്, ഞാൻ അതിന് ഒരു പ്രതികരണവും നടത്തുകയില്ല. അത് അദ്ദേഹവും അല്ലാഹുവും തമ്മിലുള്ളകാര്യമാണ്. ഏതു രീതിയിലായാലും ഞാൻ ഒരാളോടും ഒരു ശത്രുതയും വെച്ചു പുലർത്തുന്നില്ല. നാമെല്ലാവരും പരസ്പരം ബഹുമാനിക്കേണ്ടവരാണ്. ഞാൻ താങ്കളെ പോലും പലതവണ ക്ഷണിച്ചിട്ടുള്ളതാണ്, മറ്റു ലോകമതനേതാക്കളെ ക്ഷണിച്ചതിനോടൊപ്പം, ഐക്യതയിൽ സംഘടിപ്പിക്കുവാൻ (സംസാരിക്കാനായി) ബ്രിട്ടനിൽ 2014 ൽ, താങ്കളുമായി ഒന്നുകൂടി കാണുവാൻ, എന്നാൽ ഫലമുണ്ടായില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ധാരാളം അഹമ്മദികൾക്കും, മറ്റു മുസ്ലിംകൾക്കും ലക്ഷക്കണക്കിന് അടയാളങ്ങൾ, അനുഗ്രഹങ്ങൾ അല്ലാഹുവിൽ നിന്നും ലഭിക്കുന്നു. നിശ്ചയമായും അല്ലാഹുവിന്റെ നിഷ്ക്കളങ്കരായ സേവകന്മാരെ, അവൻ കയ്യൊഴിയുകയില്ല, **എന്നാൽ സത്യം അവർക്കായി വന്നു കഴിഞ്ഞാൽ, ഒരു ഖലീഫത്തുല്ലാഹ്‌യുടെ വരവുണ്ടായാൽ, അതിനെതിരിൽ നിലകൊണ്ടാൽ, അവർ അദ്ദേഹത്തെ നിരസിച്ചാൽ, അപ്പോൾ അതിന്റെ അനന്തരഫലം വളരെ ഗുരുതരമായിരിക്കും.**

യഥാർത്ഥ സത്യാന്വേഷകരെ അല്ലാഹു (ത) മാർഗദർശനം നല്കട്ടെ! യഥാർത്ഥമായും സത്യസന്ധമായും സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്ക് അത് എത്തിപ്പിടിക്കുവാൻ സാധിക്കട്ടെ! ആരുടെ ഹൃദയങ്ങളാണോ തികച്ചും പരിശുദ്ധമായത്, അവർ, ദൈവീക ദൃഷ്ടാന്തത്തിന്റെ ആത്മീയ സ്നാനത്തിൽ ആഴ്ന്നിറങ്ങുന്നതാണ്, അങ്ങനെ അവർ സമ്പൂർണ്ണമായും അവരെ സ്വയം പരിശുദ്ധമാക്കുന്നതാണ്. അല്ലാഹുവും അവന്റെ ദൂതനും/ റസൂൽ/ഖലീഫയ്ക്കും ആളുകളുടെ എണ്ണപെരുപ്പം ആവശ്യമുള്ളവരല്ല (ആളുകളുടെ കൂട്ടത്തോടെയുള്ളവരവ്) മറിച്ച് അവരാഗ്രഹിക്കുന്നത് ഗുണനിലവാരത്തെയാണ്. ഗുണമേന്മയുള്ള വിശ്വാസികളെ നല്ല ഗുണ

ങ്ങളുള്ളവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കട്ടെ. ഒരാൾ വിശ്വസിക്കുകയും, അതിലൂടെ വിശ്വാസം നേടുകയും ചെയ്യുന്നവർ തീർച്ചയായും മഹാഭാഗ്യവാൻമാരാണ്. എന്നാൽ ഏതൊരുവൻ പിന്തിരുയുന്നുവോ, ദൈവീകദൃഷ്ടാന്തത്തെ പരിഹസിക്കുന്നുവോ, ദൈവീക അടയാളങ്ങളെ പരിഗണിക്കാതിരിക്കുന്നുവോ, അവന്റെ അന്ത്യം വളരെ ശോചനീയമായിരിക്കും, ഗുരുതരമായിരിക്കും.

കഴിഞ്ഞ ആഴ്ചമുതൽ നാം കാണുന്നുണ്ട്, അല്ലാഹുവിന്റെ സന്ദേശം ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചപ്പോൾ, സജ്ജനങ്ങൾക്ക് സന്തോഷവാർത്തയാണ് അല്ലാഹു(ത) നല്കിയിരിക്കുന്നത്. അതുപോലെ മുന്നറിയിപ്പും നിങ്ങൾക്ക് നല്കിയിട്ടുണ്ട്, നിങ്ങൾ സാത്താന്റെ പിടിയിലെ ഇരകളായിതീരാതിരിക്കുവാൻ

അഊദുബില്ലാഹി മിനശൈയ്ത്താനിർറജീം, ബിസ്മില്ലഹിർറഹ്മാനിർറഹീം! **ഓ! ഖലീഫത്തുല്ലാഹ്,** അവരോട് പറയുക, അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർത്ഥ മാർഗ്ഗദർശനം.

സത്യം ഇതൊക്കെന്നിരിക്കെ ദിവ്യവെളിപാടുകളുടെ തുടർച്ച, കഴിഞ്ഞകാലത്തും ഇന്നും, എന്നും, അന്ത്യദിനംവരെയും നിലനില്ക്കുന്നതാണ് എന്ന് സ്ഥാപിക്കുവാനായി കഠിനാധ്വാനം ചെയ്ത ഒരു ജമാഅത്ത് ഇന്ന്, അതേ ജമാഅത്ത്, **എന്റെ ഖലീഫത്തുല്ലായെയും ദൈവീകവെളിപാടുകളെയും അവർ നിരസിക്കുന്നു,** ഇത് വളരെ വലിയ ദൗർഭാഗ്യകരമായ അവസ്ഥയാണ്. ഇത്തരം ദൈവീകാനുഗ്രഹം എന്നും ഇറങ്ങുന്നതല്ല. (അതായത് അതിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ഒരു സമയവും കാലവുമുണ്ട്) അല്ലാഹുവിന്റെ ഒരു ദൂതന്റെ ആഗമനത്തോടെ, അല്ലാഹുവിന്റെ സന്ദേശങ്ങൾ, ആ നിശ്ചിതകാലത്തേക്ക് ഇറങ്ങുന്നതാണ്.

**ഖൗലുഹുൽഹഖു** അവന്റെ വാക്ക് സത്യമാകുന്നു. എന്നാൽ നിങ്ങൾ അതിനെ നിരസിക്കുന്നു. ചില ആളുകൾ മറ്റു ചിലരോട് അത്ഭുതത്തോടെ പറയുന്നു. **ഇത്തരം ഒരാളിലാണോ അല്ലാഹു (ത) അവന്റെ സന്ദേശങ്ങൾ ഇറക്കുന്നത്?** ഇതാണ് നാം കാണുന്നത്. അല്ലാഹു(ത) അത്തരം ആളുകളോട് മറുപടിയായി പറയുന്നു. **നന്ദിയുള്ളവർ ആരാണെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു അല്ലേ?**

നമ്മുടെ ദൃഷ്ടാന്തങ്ങളെയും എന്റെ ദൂതനെയും അംഗീകരിക്കു

ന്നവരോട് പറയുക. അല്ലാഹു (ത) അവൻ സ്വയം തന്നെ അവന്റെ സ്ഥാനം നിശ്ചയിച്ചിരിക്കുന്നു. അതായത് അവൻ പാപങ്ങൾ/ തെറ്റുകൾ മാപ്പാക്കു ന്നവനാണെന്ന്! നിങ്ങളിൽ ഒരാൾ അറിയാതെ ഒരു തെറ്റു ചെയ്താൽ, അതിനു ശേഷം അവൻ അല്ലാഹുവിലേക്ക് തിരിഞ്ഞാൽ, അവന്റെ സ്വഭാവം അവൻ നന്നാക്കിയാൽ, അപ്പോൾ അല്ലാഹു അവന് പൊറുത്തുകൊടുക്കു ന്നതാണ്. അവന്റെ കാരുണ്യം അവന്റെ മേൽ ഉണ്ടാകുന്നതാണ്. നാം ദൂതന്മാരെ നിയോഗിക്കുന്നത് ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കു വാനും മുന്നറിയിപ്പ് നല്കുവാനും വേണ്ടിയാകുന്നു. കാര്യം ഇങ്ങനെ ആണെങ്കിലും, അവർ പിന്തിരിഞ്ഞു പോകുന്നു, എന്നിട്ടവർ ഈ താത്ക്കാ ലിക ലോകത്തെ പറ്റിപിടിച്ചു നില്ക്കുന്നു. ഈ ലോകജീവിതം വെറും കളിയും വിനോദവും മാത്രമാണ്. ഇതവർ അറിഞ്ഞിരുന്നുവെങ്കിൽ! പാര ത്രിക ജീവിതത്തെ അവർ വിസ്മരിച്ചിരിക്കുന്നു. അവർ അറിയുന്നവരായി രുന്നെങ്കിൽ, പാരത്രികലോക ജീവിതമാണ് ശ്രേഷ്ഠമായത് എന്ന് മനസ്സി ലാക്കുമായിരുന്നു. ദൈവപാതയിൽ അവർ മുന്നേറുമായിരുന്നു. കാര്യങ്ങൾ ഇങ്ങനെയിരിക്കെ തന്നെ നമ്മുടെ പ്രവാചകനിലൂടെ സന്ദേശങ്ങൾ വന്നു കൊണ്ടിരിക്കുന്നതാണ്, എന്നിട്ട് അല്ലാഹുവിൽ നിന്ന് വരുന്ന ദൈവീക സന്ദേശങ്ങൾ വിശദീകരിക്കുന്നതാണ്. എന്നാൽ അത്ഭുതമെന്നു പറയട്ടെ! അവരതാ പിന്തിരിഞ്ഞുപോകുന്നു. പ്രസ്തുത സന്ദേശത്തെ അവർ നിര സിക്കുന്നു. അവർ മറ്റുള്ളവരോട് പറയുന്നു ഇതെല്ലാം പൂർവ്വികരുടെ കെട്ടു കഥകൾ മാത്രമാണ്.

ഈ ദൈവീകസന്ദേശത്തിൽ നിന്നും മറ്റുള്ളവരെ അവർ വിജയ കരമായി നേരിടുകയാണ്. അവർ, അവരുടെമേൽ സമ്മർദ്ദതന്ത്രങ്ങൾ നട പ്പിലാക്കുന്നു. അതുകൊണ്ട് അവർ എന്റെ ദൂതനെ സ്വീകരിക്കുന്നില്ല. അവ ർ അസമാധാനം സൃഷ്ടിക്കുകയാണ്, അതിലൂടെ അവർ അവരുടെ തന്നെ ആത്മാക്കളെ നഷ്ടപ്പെടുത്തുകയാണ്, അവർ എന്താണ് ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല. **ഇന്നല്ലാഹ ലാ യഹ്ദിൽ ഖൗമൽ കാഫി രീൻ**

**നിഷേധികളായ ജനങ്ങൾക്ക് അല്ലാഹു മാർഗദർശനം നല്കുകയില്ല**

**അല്ലെയോ ഖലീഫത്തുല്ലാഹ്!** നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്കിറങ്ങിയ സന്ദേശം നിങ്ങൾ പ്രചരിപ്പിക്കുക. എന്റെ

സന്ദേശം നീ നല്കുന്നില്ലെങ്കിൽ, നീ എന്റെ നിർദ്ദേശം പാലിച്ചിട്ടില്ല. തീർച്ചയായും താങ്കൾക്ക് താങ്കളുടെ രക്ഷിതാവ് വെളിപ്പെടുത്തിയ സന്ദേശം, അവരിൽ അധികം പേർക്കും അതിക്രമവും, അവിശ്വാസം വർദ്ധിപ്പിക്കുകയേയുള്ളു. കോപത്താൽ അവരുടെ നേതാക്കന്മാരും അവരുടെ മുല്ലാക്കളും അവരുടെ കൈവിരലുകൾ കടിച്ചുകുടയുന്നതാണ്. താങ്കൾ ദുഃഖിതനാകരുത് താങ്കൾ വിലപിക്കരുത്, താങ്കളുടെ സൃഷ്ടാവിൽ നിന്ന് വന്ന സന്ദേശത്തെ അവർ നിരസിച്ച കാരണത്താൽ! ആകാശഭൂമികൾ സൃഷ്ടിച്ച കാലം മുതൽതന്നെ, ഇതുപോലെതന്നെയാണ് കാര്യങ്ങൾ, ഓരോ പ്രാവശ്യവും അവർ അദ്ദേഹത്തെ നിരസിക്കുകയും, അദ്ദേഹത്തെ കൊല്ലാൻ ശ്രമിക്കുകയും, അദ്ദേഹത്തിൽ വിശ്വസിച്ചവരെ അവർ പീഡിപ്പിക്കുകയും ചെയ്തു.

താങ്കൾ മനസ്സിലാക്കുക! അവരിൽ വളരെയധികംപേരും പാപങ്ങൾ ചെയ്യുന്നതിൽ ധൃതികാണിക്കുന്നവരാണ്. ശത്രുത സൃഷ്ടിക്കുന്നവരാണ്. തെറ്റുകൾ ചെയ്യുന്നതിനായി അവരുടെ ഊർജ്ജം അവർ ഉപയോഗപ്പെടുത്തുന്നു. ഭൂമിയിൽ അവർ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. അവർ ശത്രുത ഉണ്ടാക്കുന്നു. വെറുപ്പുണ്ടാക്കുന്നു. യുദ്ധാഗ്നിക്ക് തിരികൊളുത്തുന്നു. **കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും, അവർ വലിയ പ്രഖ്യാപനം നടത്തുന്നു. അവർക്ക് ആരോടും വെറുപ്പില്ലാ എന്ന്!** അവരുടെ ചുണ്ടുകളിൽ നിന്നു വരുന്നത്, അല്പം പോലും അവരുടെ ഹൃദയങ്ങളിലില്ല. കുറ്റവാളികളെപോലെ പ്രവർത്തിക്കുന്നതിൽ നിന്നും അവരുടെ നേതാക്കന്മാരും മുല്ലാക്കളും എന്തുകൊണ്ട് അവരെ തടയുന്നില്ല? ഇതിന്റെ കാരണം, ഇവർ ബുദ്ധിയില്ലാത്ത ആളുകളാണ്. അല്ലാഹുവിനും അവന്റെ ദൂതനുമെതിരിൽ യുദ്ധത്തിന് പുറപ്പെടുന്നവർ, അവരുടെ ഊർജ്ജം ഭൂമിയിൽ തെറ്റായ പ്രവർത്തികൾ ചെയ്യുവാൻ ഉപയോഗപ്പെടുത്തുകയാണ്. അവരുടെ മേലുള്ള അല്ലാഹുവിന്റെ ശിക്ഷ കഠിനക്രോധം അവരെ അതിജയിക്കുന്നതിന് മുൻപ് പശ്ചാത്തപിച്ചു മടങ്ങട്ടെ.

അല്ലെയോ വിശ്വസിച്ചവരെ! അല്ലാഹുവിനെ പിന്തുടരുക. അവന്റെ ദൂതനെ അനുസരിക്കുക. നിങ്ങളുടെ രക്ഷകനുമായി അടുക്കുന്നതിനുള്ള ഒരു വഴി കണ്ടെത്തുക. അവന്റെ വഴിയിലൂടെ മുന്നോട്ടുപോകുവാൻ കഠിനമായി യത്നിക്കുക. അങ്ങനെ ആയാൽ നിങ്ങൾപുരോഗതി പ്രാപിക്കും. അവനെ തൃപ്തിപ്പെടുത്തുവാനുള്ള വഴി തേടുക. അല്ലാഹു (ത) നിങ്ങളെ അന്ധകാര

ത്തിൽ നിന്ന് കരകയറ്റും. അവൻ നിങ്ങളെ പ്രകാശത്തിലേക്ക് നയിക്കും. അവന്റെ അനുഗ്രഹത്താൽ അവൻ നിങ്ങളെ നേർപാതയിൽ നയിക്കും. അല്ലാഹു (ത) നിങ്ങളുടെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ അനുസ്മരിക്കുക. അവൻ നിങ്ങളിലുള്ള അന്ധകാരം നീക്കി, എന്റെ ദാസന്റെ കയ്യിൽ ബൈഅത്തു ചെയ്യുവാനുള്ള അവസരം നല്കി, ഇത് തീർച്ചയായും അല്ലാഹുമായാണ് നിങ്ങൾ ബൈഅത്ത് ചെയ്തിരിക്കുന്നത്.

ആയതിനാൽ അല്ലാഹുവിന്റെ കല്പനകളെ പിന്തുടരുക. തീർച്ചയായും അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അറിയുന്നു. അല്ലാഹുവും അവന്റെ ദൂതനുമായി നിങ്ങൾ ദൃഢതയിൽ കഴിയുക. എപ്പോഴും സത്യവുമായി ചേർന്നു നില്ക്കുക. സത്യനിഷേധികളുടെ ശത്രുത നിങ്ങൾ വകവയ്ക്കരുത്. അത് നിങ്ങളെ ബാധിക്കരുത്. നീതിനിർവ്വണത്തിൽ അതു തടസ്സമാകരുത്. സത്യവും അസത്യവും വേർതിരിയട്ടെ. അല്ലാഹുവിന്റെ പാതയിൽ ഇത് നിങ്ങളെ കൂടുതൽ അടുപ്പിച്ചു നിർത്തും. അല്ലാഹവിന്റെ കല്പന പിൻപറ്റുക. കാരണം അല്ലാഹു നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളെകുറിച്ചും ബോധവാനാണ്. ആത്മാർത്ഥമായി വിശ്വസിച്ചവനോട് അല്ലാഹു ഒരു വാഗ്ദാനം ചെയ്യുന്നു. തീർച്ചയായും അവർ അല്ലാഹുവിന്റെ മാപ്പിന് അർഹരാകുന്നതാണ്. മഹത്തായ പ്രതിഫലവും നേടുന്നതാണ്, മറിച്ച്, നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരസിച്ചവർ, നരകാഗ്നിയിലെ അന്തേവാസികളായി തീരുന്നതാണ്. ഞാൻ അല്ലാഹു ആകുന്നു ഞാൻ അൽജലീൽ ആകുന്നു.

**ഇത് ദൈവീക സന്ദേശത്തിന്റെ ഭാഗമല്ല** ജലീൽ എന്ന വാക്ക ജലാൽ എന്ന വാക്കിൽ നിന്ന് ഉണ്ടായതാണ്. ജലാൽ എന്ന അറബിക് വാക്കിന്റെ അർത്ഥം മഹത്വം, മഹോന്നതം, അത്യുന്നതം തുടങ്ങിയവയാകുന്നു. ആയതിനാൽ അൽജലീൽ എന്ന വാക്കിന്റെ അർത്ഥം മഹത്വമുടയവൻ, മഹോന്നതൻ, അത്യുന്നതൻ എന്നിങ്ങനെയാകുന്നു. ഇത് പരിപൂർണ്ണതയെ സൂചിപ്പിക്കുന്ന ഒരു ഗുണനാമാകുന്നു. അല്ലാഹുവിനെ കൂടാതെയുള്ള മറ്റെല്ലാസാധനങ്ങളും അപൂർണ്ണങ്ങളാകുന്നു. ആയതിനാൽ പരമോന്നതനായ അല്ലാഹു മാത്രമാണ് അൽജലീൽ/അഥവാ അത്യുന്നനായവൻ. അല്ലാഹു(ത)യെക്കാൾ കടുന്നുപോകുന്നവൻ ഒരാളുമില്ല/ഒരു വസ്തുവു

മില്ല. എല്ലാ ഗുണങ്ങളും അത് ഏതുരീതിയിലുള്ളതായാലും ശരി, അത് അല്ലാഹു (ത) യിൽ മാത്രം നിലനില്ക്കുന്നതാണ്. എല്ലാ അധികാരങ്ങളും, അത് ഏത് രൂപത്തിലായാലും ശരി, അല്ലാഹു(ത)യിൽ നിന്നുള്ള ഒരനുഗ്രഹവും, ദാനവുമാണത്. ഒരാൾക്കും അവന്റേതായ കഴിവോ അധികാരമോ ഇല്ല. അല്ലാഹു(ത) അവനാണ് കഴിവും അധികാരവും ഒരുവന് നല്കുന്നത്. ആർക്കാണോ ഈ അധികാരവും പദവിയും ഉള്ളത്, അത് ഏത് അളവിലുള്ളതായാലും, അത് അല്ലാഹു (ത)യിൽ നിന്നുള്ളതാകുന്നു. അതിന് അവൻ അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തേണ്ടതാണ്. നല്കാൻ അല്ലാഹു (ത) യ്ക്ക് കഴിവുള്ളതു പോലെ തന്നെ, അതെല്ലാം തിരിച്ചെടുക്കുവാനുള്ള കഴിവും അവനുണ്ട് എന്നറിയുക. അവന്റെ അധീനതയിലുള്ള വസ്തുവകകളാൽ മനുഷ്യൻ അഹങ്കാരിയും കഠിനഹൃദയനുമാകരുത്.

അൽജലീൽ എന്ന ഗുണത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക. ഇതു ഒരു വ്യക്തിയിൽ വിനയം വളർത്തേണ്ടതാണ്. പ്രയാസഘട്ടങ്ങളിൽ പ്രതീക്ഷയും ആശ്വാസവും നല്കേണ്ടകതാണ്. ഇത് മാനവനെ നിഷ്ക്കളങ്കനാക്കേണ്ടതാണ്, അല്ലാഹു(ത) യെ അനുസരിക്കുന്നവനാക്കേണ്ടതാണ്. ഇത് അവനിൽ ആത്മവിശ്വാസം വളർത്തുന്നതാകണം, ജീവിതത്തെ ശരിയായ നിലയിൽ വീക്ഷിക്കണം. അവന് ഒരേ ഒരു ലക്ഷ്യ മാത്രം ഉണ്ടേകേണ്ടതാണ്. പരിഗണിക്കേണ്ട ഒരേ ഒരു കാര്യം അത് അല്ലാഹു, അൽജലീൽ, ആണ് എന്നതാണ്. അല്ലാഹുവിനെ കൂടാതെയുള്ളതെല്ലാം രണ്ടാം സ്ഥാനത്ത് (അത് എത്ര നിസ്സാരമായതായാലും ശരി)

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലുള്ള എല്ലാവരും ഏകകുടുംബത്തിലെ അംഗങ്ങളാണ്. നിങ്ങൾ ഭാഗ്യവാന്മാർ ആണ്. കാരണം അല്ലാഹു(ത), ഈ നൂറ്റാണ്ടിൽ, നിങ്ങൾ ജീവിക്കുന്ന ഈ നൂറ്റാണ്ടിൽ, അവന്റെ ഖലീഫയെ അയച്ചിരിക്കുന്നു. നിങ്ങളുടെ ഇടയിലേക്ക്, നിങ്ങളുടെ സൃഷ്ടാവിന്റെ സന്ദേശം നിങ്ങൾക്ക് നല്കുവാനായി. അദ്ദേഹം സത്യസന്ദേശവുമായി വന്നിരിക്കുന്നു. ജനങ്ങളിൽ നീതി സ്ഥാപിക്കുവാനായി, അവർ യോജിക്കാത്ത അവരുടെ ചോദ്യങ്ങൾക്ക് നീതിപൂർവ്വമായ മറുപടിയുമായി. അവരിൽ വളരെയധികം ആളുകളും മതാധ്യാപനങ്ങൾക്ക് യോജിക്കാത്ത നിലയിലാണ് ജീവിക്കുന്നത്. നാം അതിനെ

സമ്പൂർണ്ണമാക്കിയതാണ്. (ഇസ്ലാം) അവരതിൽ അനേകം നൂതനകണ്ടു പിടത്തങ്ങൾ കൊണ്ടു വന്നിരിക്കുന്നു. ഈ സംശുദ്ധമായ മതത്തിൽ ശിർക്ക് കടന്നുകൂടിയിരിക്കുന്നു. വ്യക്തമായ ദൈവീകവചനങ്ങൾ ലഭിച്ചശേഷവും, സമ്പൂർണ്ണഗ്രന്ഥവും (അൽഖുർആൻ) അവരുടെ കയ്യിലുണ്ട്. സമ്പൂർണ്ണനായ ഒരു മാതൃകപുരുഷൻ ഹസ്രത് മുഹമ്മദ്(സ)യുടെ ചര്യയും അവരുടെ മുമ്പിലുണ്ട്. മറ്റുള്ളവർ കഴിഞ്ഞനൂറ്റാണ്ടിൽ ആഗതരായ മസീഹ് ആയ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നെ അംഗീകരിച്ചവരുമാണ്. അവർ ദൈവീക അധ്യാപനങ്ങളെ ചവിട്ടിമെതിക്കുകയാണ്, മണ്ണിലേക്ക് വലിച്ചെറിഞ്ഞിരിക്കുന്നു.

അവർക്ക് തെറ്റുപറ്റിയിരിക്കുന്നു എന്ന് പറയപ്പെട്ടപ്പോൾ, അവർ ചെയ്യുന്നത് അല്ലാഹുവിന്റെ അധ്യാപനങ്ങൾക്ക് എതിരാണ് (എന്നുപറഞ്ഞപ്പോൾ) അല്ലാഹുവിന്റെ പാതയിൽ നിങ്ങൾ ജീവിക്കു (എന്ന് പറഞ്ഞപ്പോൾ) പാരുഷ്യവും താന്തോന്നിത്വവും അവരെ അതിജയിച്ചു. അവരതാ നമ്മുടെ ദൂതനെ പറ്റി പറയുന്നു. ഞങ്ങളാണ് അല്ലാഹുവിന്റെ പാതയിൽ ചരിക്കുന്നത്, നിങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ, നിങ്ങളൊരു നിഷേധിയാണ്, നിങ്ങളുടെ സ്ഥലം ജ്വലിക്കുന്ന അഗ്നിയാണ്.

ജനങ്ങളുടെ വിശ്വാസത്തെപറ്റി വിധിപറയാൻ ദൈവത്തിൽ നിന്നുള്ള അംഗീകാരത്തിന്റെ മുദ്ര അവർക്ക് ലഭിച്ചിരിക്കുന്നു എന്ന നിലയിലാണ് അവരുടെ പെരുമാറ്റം. അവരുടെ ഹൃദയങ്ങളിലുള്ളതിന് സാക്ഷിയായി അവർ അല്ലാഹുവിനെ നിർത്തട്ടെ. അവർ കരുതുന്നു. അവർ ചെയ്യുന്നത് (അനിസ്ലാമിക ബിദ്അത്തുകൾ) നല്ല കാര്യങ്ങളാണെന്ന് അവരുടെ ചർച്ചകളിൽ അവർ പിടിവാശിയുള്ളവരാണ്. ഇത്തരം ആളുകൾ അല്ലാഹുവിൽ നിന്നു വരുന്ന സത്യത്തിൽ നിന്നും, നീതിയിൽ നിന്നും പിന്തിരഞ്ഞു പോകന്നവരാണ്. അവർ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ ഓടിനടക്കുന്നവരാണ്. അല്ലാഹുവിന്റെ ദാസനും അദ്ദേഹത്തിന്റെ അനുചരന്മാരും ചെയ്യുന്ന നല്ല കാര്യങ്ങൾ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരാണവർ ഞാൻ അല്ലാഹു, ഞാൻ പറയുന്നു. ഫസാദ്/കുഴപ്പം/ചതി അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (അല്ലാഹു ലാ യുഹിബ്ബുൽ ഫസാദ്)

നിഷ്ക്കളങ്കരായ വിശ്വാസികൾ, അവർ അവരുടെ ജീവിതം തന്നെ സമർപ്പിക്കുന്നു. (അതായത്, അല്ലാഹുവിന്റെ പാതയിൽ അവരുടെ ജീവിതം

പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു) അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ! ഈ നിഷ്ക്കളങ്കരായ വിശ്വാസികളോട് **(അല്ലാഹു റഊഫുൻ ബിൽ ഇബാദ്)** അല്ലാഹു കരുണയുള്ളവനാകുന്നു. അവനെ ആരാധിക്കുന്നവരോട് അവനു വേണ്ടി സേവനം ചെയ്യുന്നവരോട്!

ജമാഅത്തുസ്സ്വീഹിൽ ഇസ്ലാമിൽ ഇതുവരെയും പ്രവേശിച്ചിട്ടില്ലാത്തവരെ! നിങ്ങൾ സമ്പൂർണ്ണമായും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുക. നിങ്ങൾ സാത്താന്റെ കാലടിപാതകളെ പിന്തുടരുത്. കാരണം അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. അവിശ്വാസികൾക്ക് സാത്താൻ ഭൂമിയിലെ ജീവിതം ആകർഷകമാക്കിയിരിക്കുന്നു. വിശ്വാസികളെ അവൻ കളിയാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുന്നവർ, അവന്റെ പരിഹാസങ്ങളിൽ വീണുപോകരുത്. അല്ലാഹു(ത) നിങ്ങൾക്ക് ഈ വാഗ്ദാനം നല്കുന്നു. വിധി ദിനത്തിൽ നിങ്ങൾക്ക് ഞാൻ അവരുടെ മേൽ അത്യുന്നതമായ പദവി നല്കുന്നതാണ്. സാത്താന്റെ കാലടിപാതകൾ പിന്തുടരുന്നവർ, എല്ലാ ദിവസവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾക്ക് അവർ സാക്ഷ്യം വഹിക്കുന്നവരാണ്, എന്നാൽ അവർ പ്രസ്തുത വ്യക്തമായ ദൃഷ്ടാന്തങ്ങൾ മറച്ചുപിടിക്കുന്നവരാണ്, പ്രസ്തുത ദൃഷ്ടാന്തങ്ങൾ നാം ഇറക്കിയതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ, അവരെ മാർഗദർശനം നല്കാനായി അത് അവർക്ക് കിട്ടിയതുമാണ്. അതുമൂലം അവർക്ക് അല്ലാഹുവിനെ പ്രാപിക്കാവുന്നതുമായിരുന്നു. എല്ലാ അടയാളങ്ങൾക്കും സാക്ഷ്യം വഹിച്ച ശേഷം, എന്റെ ദൂതന്റെ സത്യതയ്ക്കും അവർ സാക്ഷ്യം വഹിച്ച ശേഷം, അവർ കുഴപ്പം സൃഷ്ടിക്കുവാൻ ശാഠ്യം പിടിപ്പിക്കുയാണ്. മറ്റുള്ളവരെ ഈ സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടയുന്നതിനായി. അവരുടെ വിഗ്രഹത്തിന്/മുഖ്യന്/പിന്താങ്ങുന്നവന് കൂടുതൽ പ്രാധാന്യവും സ്നേഹവും നല്കുന്നു. യഥാർത്ഥത്തിൽ ഇത് അല്ലാഹുവിന് നല്കേണ്ടതായിരുന്നു. ഈ അധർമ്മകാരികൾ കാണേണ്ടിവരും, കാത്തിരിക്കുക, അവർ അവരുടെ ശിക്ഷകാണേണ്ടി വരിക തന്നെ ചെയ്യും. എല്ലാ അധികാരങ്ങളും അല്ലാഹുവിന്റെ കരങ്ങളിലാണ്. **അല്ലാഹു ശദീദുൽ അദാബ്** അല്ലാഹു അതി കഠിനമായി ശിക്ഷിക്കുന്നവനാണ്. അല്ലാഹുവിന്റെ ശാപം അവരുടെമേൽ പതിക്കുന്നതാണ്. മാലാഖമാരുടെയും, ജനങ്ങളുടെയും ശാപം! എന്നെന്നും ഈ ശാപത്തിൽ പതിക്കുന്നതാണ്. അതിന്റെ ഏറ്റവും നല്ല തെളിവ് സിറിയ

യാണ്. റഷ്യയും, ഇറാനും മറ്റു വിവിധങ്ങളായ സഹായ മിലിട്ടറികളും ചേർന്ന്, ആസാദിന്റെ ഭരണകാലത്ത് രാജ്യത്തിന്റെ നല്ലൊരുഭാഗവും നശിപ്പിക്കപ്പെട്ടു. ത്രീവ്രവാദത്തിനെതിരിൽ പോരാടുകയാണ് എന്ന നാട്യത്തിലാണ് ഇതെല്ലാം ചെയ്യുന്നത്. അന്താരാഷ്ട്ര സമൂഹം പരാതി പറഞ്ഞു. അല്ലെങ്കിൽ ഇതി ശരിയായില്ല എന്ന ഒരാക്ഷേപം ഉന്നയിച്ചു എന്നല്ലാതെ അതിൽ കുടൂതലൊന്നും ചെയ്തില്ല. 2016 ലോകത്തിന് വളരെ ദുഃഖകരമായ ഒരു വർഷം തന്നെ ആയിരുന്നു. കൂട്ടകൊലപാതകങ്ങളും കഠിനതരമായ ജീവിതവും പാപപ്പെട്ട ഇരകൾ ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു.

ആഗോള ഭീകരത, പ്രാദേശിക യുദ്ധം, അഭയാർത്ഥി പിരിമുറുക്കം, വിഭാഗീയ സമരങ്ങൾ, ആഗോള രാഷ്ട്രീയാധികാരം, സാമ്പത്തിക അസമത്വവളർച്ച, അന്താരാഷ്ട്ര സമൂഹത്തിന്റെ ആഗോളരക്തചൊരിച്ചിൽ തടയുന്നതിനുള്ള പരാജയം, ഇതിലൂടെ നിരപരാധികളുടെ ജീവൻ നശിപ്പിക്കപ്പെടുന്നു. പീഡിതരെയും പാപപ്പെട്ടവരെയും ഉന്മൂലനം ചെയ്യപ്പെടുന്നു. ഇതിലൂടെ ലോകം മുന്നോട്ട് പോകാൻ കഴിയാതെ വിറങ്ങലിച്ചു നില്ക്കുകയാണ്. വരും വർഷങ്ങളിൽ എന്തെങ്കിലും ഒരു വ്യത്യാസം ഉണ്ടാവുകയാണെങ്കിൽ, അത് ആരംഭിക്കേണ്ടത്, മാനവസമൂഹത്തിന്റെ അന്തസ്സിനെ സംരക്ഷിച്ചുകൊണ്ടായിരിക്കണം. **അതിനായി നമ്മിൽ എല്ലാവരിലും ഉണ്ടായിരിക്കേണ്ട് ഒരു ഗുണം നമ്മുടെ വിശ്വാസം, നമ്മുടെ സംസ്ക്കാരം, നമ്മുടെ ദേശീയത ഇവ പരിഗണിക്കാൻ പാടില്ല.** അനിശ്ചിതത്വവും പ്രയാസവും നമ്മുടെ മുൻപിൽ ഉണ്ടകുമെങ്കിലും ഇതിനായി പ്രവർത്തിക്കുവാൻ നാം തയ്യാറാകേണ്ടതാണ്.

അമേരിക്കൻ പ്രസിഡന്റായി ട്രംപിനെ തെരഞ്ഞെടുത്ത കാരണത്താൽ ഈ കാര്യം അത്ര എളുപ്പത്തിൽ നമുക്ക് മുന്നോട്ടു കൊണ്ടു പോകാൻ പറ്റില്ല. ഇസ്ലാമിനെ പറ്റിയും മുസ്ലിംകളെപറ്റിയുള്ള അദ്ദേഹത്തിന്റെ വിവാദപരമായ വീക്ഷണങ്ങൾ, ഇസ്ലാം ഭീകരവാദവുമായി ബന്ധിതമായതെങ്ങനെ, എന്നതിന് ട്രംപ് വ്യക്തമായ ഒന്നും തന്നെ പറയുന്നില്ല. ഇസ്ലാമിന്റെയും അതിന്റെ സ്ഥാപകരുടെയും അതിന്റെ അനുയായികളുടെയും മേൽ അദ്ദേഹം കൂട്ടിവെച്ച പരുഷമായ ആക്ഷേപങ്ങൾ അകറ്റിക്കളയുവാൻ പര്യാപ്തമായ യാതൊന്നും അദ്ദേഹം മുന്നോട്ടു വെയ്ക്കുന്നില്ല. ശക്തമായ വെറുപ്പുണ്ടാക്കുന്ന കുറ്റങ്ങൾ ഒരുവശത്തും, അതേസമയം അല്ലാഹു(ത) വെളി

പാടിലൂടെ വെളിപ്പെടുത്തിയ ഇസ്ലാമിന്റെയും മുസ്ലിംകളുടെയും സഹി ഷ്ണുത മറുവശത്തും നില്ക്കുമ്പോൾ, അദ്ദേഹത്തിന്റെ യഥാർത്ഥമായ ഉദ്ദേ ശമെന്താണ് എന്ന് അത് വ്യക്തമാക്കുന്നു.

**ഇപ്പോൾ ഈ വിനീതനും, അതായത് ഖലീഫത്തുല്ലായും ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും, ഏകോപിച്ച്, ഒരു സംഘമായി എഴുന്നേല്ക്കുക. എന്നിട്ട്, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നാശത്തിനായി പ്രാർത്ഥിക്കുക. ഓർക്കുക പ്രാർത്ഥന ഒരു ശക്തമായ ആയുധമാണ്. എല്ലാ മുസ്ലിംകളും ശക്തിമാ ന്മാരാകട്ടെ, അല്ലെങ്കിൽ ബലഹീനരാകട്ടെ, നിഷ്ക്കളങ്ക ഹൃദയത്തോടെ അല്ലാഹുവിലേക്ക് തിരിയുക, അപ്പോൾ ലോകത്തിനായി ഒരു പുതിയ പ്രഭാതം ഉദിച്ചുയുരുന്നതാണ്.**

ഈ കാര്യത്തിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സംഭാവന സമാനതകളില്ലാത്തതാണ്. എല്ലാ സത്യമതങ്ങളും പരമോന്നതനായ ഒരു ദൈവത്തിന്റ നിലനില്പിനെ പ്രഘോഷിക്കുന്നതാണ്. മനുഷ്യന്റെ സാർവ്വ ദേശീയ സാഹോദര്യത്തെയും അത് എടുത്തു കാട്ടുന്നു. ഈ നൂറ്റാണ്ടിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിതമായപ്പോൾ, ഈ സുവർണ്ണ സത്യം പ്രഘോഷിക്കുകയുണ്ടായി. ഈ കാര്യത്തിൽ വിശിഷ്യാ ജമാഅത്തുസ്സ ഹീഹിൽ ഇസ്ലാമിന്റെ, മോധാവിത്വത്തെയും പ്രത്യേകതയെയും ഞാൻ അവ കാശപ്പെടുകയുണ്ടായി. **ഈ അവകാശവാദം ഉന്നയിച്ചത് ഞാനെന്ന ഭാവത്തിന്റെയോ, മതഭ്രാന്തിന്റെയോ പേരിലല്ല,** മറിച്ച് ദൈവം എനിക്ക് ദൈവീകമായി ബോധനം നല്കിയതിന്റെ അടിസ്ഥാനത്തിലാണ്. തുടർന്ന് ഇക്കാര്യം ദൈവം എനിക്ക് സ്ഥിരീകരിച്ചുതന്നതിന്റെയും അടിസ്ഥാനത്തി ലാണ്) മധുരപലഹാരത്തിന്റെ പരീക്ഷണം അതു കഴിക്കുന്നതിലൂടെയാണ് അറിയുന്നത്. ഏതെങ്കിലും ഒരു **തത്വസംഹിതയുടെ മേധാവിത്വം കുടി കൊള്ളുന്നത് അതിന്റെ മനോഹരമായ വാക്കുകളിലൂടെ മാത്രമല്ല, മറിച്ച് ഈ കാര്യം കൂടുതൽ ബോധ്യമാകുന്നത്, ഈ ആശയം മനുഷ്യ ജീവി തത്തിലും മാനവസമൂഹത്തിലും എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്.** ഒരാൾക്കോ, അല്ലെങ്കിൽ ഒരു ജമാഅത്തിനോ അല്ലാഹു വിന്റെ സഹായം അവന് ലഭിക്കുകയോ, അല്ലെങ്കിൽ അതിന് ലഭിക്കുകയോ

ചെയ്യുകയാണെങ്കിൽ വിജശ്രീലാളിതമാകുന്നതിൽ നിന്ന് അവനെ അഥവാ അതിനെ തടഞ്ഞുനിർത്തുവാൻ ഒരാൾക്കും സാധ്യമല്ല.

മുസ്ലിം രാജ്യങ്ങളിൽ പോലും വർഗ്ഗവിവേചനവും, നിറമഹിമയും വലിയ അളവിൽ പ്രത്യക്ഷമായപ്പോഴാണ്, അത്തരം ഒരു സമയത്താണ്, ജമാഅത്തുസ്സഹീഹീൽ ഇസ്ലാമിന്റെ കടന്നു വരവ്. ദൈവീക വെളിപാടിന്റെ മഴ വർഷം ഇസ്ലാമിലേക്ക് വഴി തിരിച്ചുവിട്ട്, അതിനെ ശക്തമായ ഒരു നദിയാക്കി മാറ്റിയത് ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ(സ) എന്ന വ്യക്തിയിലൂടെയാണ്. അതേ പേമാരിയിലൂടെ, ഇസ്ലാമിനെ ഇപ്പോൾ ഈ നൂറ്റാണ്ടിൽ നവീകരിച്ചുകൊണ്ടിരിക്കുന്നു. ഖലീഫത്തുല്ലാഹ്, മുഹ്‌യിദ്ദീൻ എന്ന വ്യക്തിയിലൂടെ! അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദു ലില്ലാഹ്!

അല്ലാഹു (ത) നമ്മെ തൃപ്തിപ്പെടട്ടെ! ഇസ്ലാമിന് സേവനം ചെയ്യുവാൻ അവൻ നമ്മെ സഹായിക്കട്ടെ! മാനവകുലത്തിനും സേവനം ചെയ്യുവാൻ അവൻ നമ്മെ പ്രാപ്തരാക്കട്ടെ! നമുക്ക് സാർവ്വദേശീയ സഹോദര്യം പ്രബോധിക്കാം. മാനവസമുദായത്തിന്റെ ഹൃദയങ്ങളിൽ, അല്ലാഹുവിന്റെ യഥാർത്ഥമായ പരമാധികാരം നമുക്ക് വീണ്ടും സ്ഥാപിക്കാം. ഒരേ ഒരു ദൈവവും, ഒരേ ഒരു ശക്തമായ സഹായവും അവൻ മാത്രം! അവനെമാത്രം നമുക്ക് വിളിച്ച് പ്രാർത്ഥിക്കാം. എല്ലാവിധ ഞാനെന്നഭാവവും നമുക്ക് ഉപേക്ഷിക്കാം. വിനയത്തോടെ നമുക്ക് അവനോട് മാത്രം പ്രാർത്ഥിക്കാം. അവന്റെ മാത്രം സഹായം തേടാം. മുസ്ലിംകളും മറ്റു മാനവസമൂഹവും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ വേദനകൾക്കും പരിഹാരത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ഒരു നല്ല നാളേക്കുവേണ്ടിയും ! ഇൻശാ അല്ലാഹ് ആമീൻ.

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in